# കഷ്ടങ്ങളിൽ ഏറ്റവും അടുത്തിരിക്കുന്ന ദൈവം .

ദൈവം എല്ലായ്പ്പോഴും എന്നോട് ഏറ്റവും അടുത്തിരിക്കണമെന്ന് ആഗ്രഹിക്കാത്ത ആരെങ്കിലുമുണ്ടോ ?

സങ്കീർത്തനക്കാരൻ പറയുന്നു ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു . കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണ ആയിരിക്കുന്നു . (സങ്കീ : 46 :1 ) അപ്പോൾ ദൈവം നമ്മോട് ഏറ്റവും അടുത്തിരിക്കുന്നത് കഷ്ടങ്ങളിലാണ് .

പക്ഷെ കഷ്ടം അനുഭവിക്കുവാൻ നാം തയ്യാറല്ല . നമ്മിൽ പലരുടേയും കഴിഞ്ഞ കാല ജീവിതത്തിലേക്കൊന്നു തിരിഞ്ഞു നോക്കിയാൽ നാം കഷ്ടതയിലും പ്രതികൂലത്തിലും നിന്ദയിലും കണ്ണീരിന്റെ ആഴങ്ങളിലും കടന്നുപോയപ്പോഴും , ആരും സഹായിക്കാനില്ലാതെ, എല്ലാവരാലും തള്ളപ്പെട്ട്, ജീവിതം തന്നെ മടുത്തുപോയ അവസരങ്ങളിലുമല്ലേ നമ്മുടെ കർത്താവു നമ്മോട് ഏറ്റവും അടുത്തിരുന്നത്.

അതുകൊണ്ട് ഇനിയും,  ദൈവമേ എന്റെ പ്രശ്നമെന്താണു തീരാത്തത് ? എന്റെ രോഗമെന്താണു മാറാത്തത്? എനിക്കു മാത്രമെന്താ എന്നും പരിശോധന?എന്നൊന്നും പരാതിപ്പെടാതെ ആത്മാർത്ഥ മനസ്സോടെ കർത്താവിനോടു പറയാം, കർത്താവേ കഷ്ടതയായാലും കണ്ണീരായാലും നിന്ദയായാലും എല്ലാവരും കൈവിട്ടാലും സാരമില്ല , എന്നെ സഹായിക്കാനും സ്നേഹിക്കാനും മാറോടുചേർത്തു സാന്ത്വനിപ്പിക്കാനും അവിടുന്ന് എന്റെ  അരികിലുണ്ടല്ലോ എനിക്കതുമാത്രം മതി .

സങ്കീർത്തനക്കാരൻ തുടർന്നു പറയുന്നത് ദൈവം നമ്മുടെ സങ്കേതവും ബലവും കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയുമാണ് അതുകൊണ്ട് ഭൂമി മാറിപ്പോയാലും , പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും , അതിലെ വെള്ളം ഇരച്ചു കലങ്ങിയാലും അതിന്റെ കോപംകൊണ്ടു പർവ്വതങ്ങൾ കുലുങ്ങിയാലും നാം  ഭയപ്പെടുകയില്ല എന്നാണ്. നാം ചവിട്ടി നിൽക്കുന്ന ഭൂമി നമ്മുടെ കാലിനടിയിൽനിന്നു മാറിപ്പോകുക പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീഴുക എന്നൊക്കെ പറയുന്നത് എത്രയോ ഭയാനകമായ അനുഭവങ്ങളാണ് . എന്നാൽ ഏറ്റവും അടുത്ത തുണയായി കർത്താവുണ്ടെങ്കിൽ അതിലൊന്നും നാം ഭയപ്പെടേണ്ട കാര്യമില്ല .

ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട് എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു കർത്താവു പറഞ്ഞത് കഷ്ടം എന്തെന്നറിയാത്തവനായിട്ടല്ല . പാപം ഒഴികെ സകലത്തിലും നമുക്കു തുല്ല്യമായി പരീക്ഷിക്കപ്പെട്ട് ജയിച്ച ശേഷമാണ് കർത്താവു അങ്ങനെ പറഞ്ഞത്. നാം അംശമായി കഷ്ടതകളും പ്രയാസങ്ങളും ഒക്കെ  അനുഭവിക്കുമ്പോൾ , നമ്മുടെ കർത്താവു നമുക്കുവേണ്ടി കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായി . നമ്മുടെ പാപങ്ങൾക്കായി അവിടുന്ന് കാൽവറി ക്രൂശിൽ ആ കഷ്ടതയുടെ പാനപാത്രം മുഴുവനും കുടിച്ചതുകൊണ്ട് നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി .

നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നാം അനേകം കഷ്ടങ്ങളിൽ കൂടി കടന്നുപോകേണ്ട വരാണ് . അതൊന്നും നമുക്കു ദോഷത്തിനോ തിന്മക്കോ ആയിട്ടല്ല . ദൈവത്തിന്റെ കരങ്ങളിൽ ഇണങ്ങിയ മാനപാത്രങ്ങളായി ദൈവം നമ്മെ പണിയുകയാണ്. പരിശോധനകൾ ഒന്നിനു പുറകെ ഒന്നായി കടന്നുവരുമ്പോഴും , ചിലത് നമ്മെ മുഴുവനായും ദഹിപ്പിക്കത്തക്കവിധമുള്ള അഗ്നിശോധനയായി ആഞ്ഞടിക്കുമ്പോഴും നാം പരിഭ്രമിച്ചുപോകരുത് . അവ ദൈവം നമ്മിൽ ചെയ്യുന്ന കൊത്തുപണികളാണ് . യേശുവിന്റെ നാമവും വഹിച്ചുകൊണ്ട് ശോഭയോടെ മുൻപന്തിയിൽ നിൽക്കുന്നവരെ കാണുമ്പോൾ അവരെപ്പോലെ ആകാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു നാം ആഗ്രഹിക്കാറുണ്ട്. പക്ഷെ അതിനു പുറകിൽ ദൈവം അവരെ പണിതുകൊണ്ടിരുന്ന നാളുകൾ നാം ശ്രദ്ധിച്ചാൽ അവർ സഹിച്ചതെല്ലാം സഹിക്കുവാൻ നാം തയ്യാറാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു .

തിരുനാമംമൂലം ഉപദ്രവമോ നിന്ദയോ കഷ്ടതകളോ സഹിക്കേണ്ടിവന്നാൽ അതു ഭാഗ്യമായി കരുതണം കാരണം അങ്ങനെ നാം ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കാളികളാകുകയാണ്. 1 പത്രോ: 4: 13-16 വരെയുള്ള വാക്യങ്ങളിൽ ഇപ്രകാരം കാണുന്നു, ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ , അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും . ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടിവന്നാൽ ലജ്ജിക്കരുത്, ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത് .

കഷ്ടത സഹിഷ്ണതയേയും സഹിഷ്ണത സിദ്ധതയേയും സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്ന വചനത്തിൽ നിന്നും കഷ്ടത നമ്മെ ആത്മീക വളർച്ചയിലേക്കു നയിക്കുന്നു എന്നു മനസ്സിലാക്കാം . കഷ്ടതകൾ സഹിച്ച് സഹിച്ച്, സഹിഷ്ണത പ്രാപിച്ച്, സഹിഷ്ണതയുടെ ഉന്നതനിലവാരത്തിൽ എത്തിക്കഴിയുമ്പോൾ ഇനി എന്തുതന്നെ വന്നാലും ഞാൻ പിൻമാറുകയില്ല , എല്ലാം എന്റെ കർത്താവിന്റെ നാമത്തിനുവേണ്ടി ഞാൻ സന്തോഷത്തോടെ സഹിക്കും എന്ന മാനസീക അവസ്ഥയാണ് സിദ്ധത എന്നു ഞാൻ കരുതുന്നു .

ഉദാഹരണമായി നമുക്കു പൗലോസിനെ കാണാം . അദ്ദേഹം കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, സ്വജനങ്ങളാലുള്ള ആപത്ത്, കള്ളസഹോദരന്മാരാലുള്ള ആപത്ത്, അദ്ധ്വാനം, പട്ടിണി, കല്ലേറ്, കപ്പൽച്ചേതം, പലവട്ടം കോലിനാലുള്ള അടി ഇവയെല്ലാം സഹിച്ച് സഹിഷ്ണതയുടെ പാരമ്യത്തിലെത്തി സിദ്ധത പ്രാപിച്ചു കഴിഞ്ഞപ്പോൾ പറയുന്നു, ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കുന്നതാര്? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ, മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ഉയരത്തിനോ, ആഴത്തിനോ, മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുവാൻ കഴിയുകയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു .

പ്രിയമുള്ളവരേ നമ്മുടെ കർത്താവു നമുക്കായി ക്രൂശിൽ സഹിച്ച പങ്കപ്പാടുകളും അതുപോലെ പൗലോസും മറ്റ് അപ്പോസ്തോലന്മാരും ഒക്കെ തിരുനാമം മൂലം സഹിച്ച കഷ്ടതകളും ഇന്നും അനേക ഭക്തന്മാർ കടന്നുപോകുന്ന കൂരിരുൾ പാതകളും ക്രൂരമായ ശോധനകളും ഒക്കെ ഓർക്കുമ്പേൾ നമ്മുടെ കഷ്ടതകൾ എത്രയോ

നിസ്സാരമാണ് . അതുകൊണ്ട് കഷ്ടതകളിൽ ദൈവം നമ്മോട് ഏറ്റവും അടുത്തിരിക്കുന്നു എന്നും , അതു നമ്മെ ആത്മീക വളർച്ചയിലേക്കു നയിക്കുന്നു എന്നും, അതിൽനിന്നും നാം ആശ്വാസം പ്രാപിച്ചിട്ട് അനേകരെ ആശ്വസിപ്പിക്കുവാൻ പ്രാപ്തരാകുന്നു എന്നും ഓർത്ത് സന്തോഷിക്കുവാൻ നമുക്കു കഴിയണം . അതാണ് ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നത്.

2 കൊരി 4 : 17 ൽ പൗലോസ് പറയുന്നു നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു . കൂടാതെ റോമ 8 : 18 ൽ പറയുന്നു നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു . ഇതാണു ദൈവമക്കളായ നമ്മുടെ പ്രത്യാശ . നമുക്കു ലഭിക്കുവാനിരിക്കുന്ന നിത്യതയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ മനുഷ്യായുസ്സ് നൊടിനേരത്തേക്കേയുള്ളു. ഇതിലെ ലഘുവായ കഷ്ടങ്ങൾ സാരമില്ല . അതു വേഗം തീരുകയും നമ്മൾ പറന്നു പോകുകയും ചെയ്യും .

കഷ്ടതയും കണ്ണുനീരും മരണവും ദുഃഖവും മുറവിളിയും ഒന്നുമില്ലാത്ത നിത്യ ഭവനത്തിലേക്കു നാം ചേർപ്പെടും . നമുക്കുമുമ്പേ അവിടേയ്ക്കു ചേർക്കപ്പെട്ട നമ്മുടെ പ്രീയപ്പെട്ടവരെ നാം അവിടെ കാണും . നാമൊരുമിച്ച് നമ്മുടെ ആത്മനാഥനോടു ചേർന്ന് യുഗായുഗങ്ങൾ ആനന്ദത്തോടെ വാഴും . ആ സുദിനം ഏറ്റവും അടുത്തു അതിനായി വിശുദ്ധിയോടും വിശ്വസ്തതയോടും  സഹിഷ്ണതയോടും പ്രത്യാശയോടും കാത്തിരിക്കാം . നമ്മുടെ കർത്താവു വരുന്നു .

---

.